

# ഇസ്തംബൂളിൽനിന്ന് ഗസ്സയിലേക്ക് ഒരു പാലം

ലേഖനം ● **ടി.കെ.എം ഇഖ്ബാൽ**

**രണ്ട്** വൻകരകൾ സംഗമിക്കുന്ന ലോകത്തിലെ അപൂർവ നഗരിയാണ് ഇസ്തംബൂൾ. ചരിത്രത്തിലെ നിരവധി പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച ബോസ്ഫറസിന്റെ ഇരു പാർശ്വങ്ങളിലായി ഏഷ്യയും യൂറോപ്പും കിടക്കുന്നു. ഭൂഖണ്ഡങ്ങളുടെ, സംസ്കാരങ്ങളുടെ സംഗമഭൂമിയായി അറിയപ്പെടുന്നു, വിനോദ സഞ്ചാരികളുടെ പറുദീസയായ ഈ ചരിത്ര നഗരി.

ഇസ്തംബൂളിനെ ഇപ്പോൾ ഓർക്കാൻ കാരണം, മുസ്‌ലിം ലോകത്തിന്റെ ഹൃദയത്തിലേക്ക് ഗസ്സയിലൂടെ ഒരു പാലം പണിയുന്ന തുർക്കിയും അതിന്റെ സാരഥി ഉർദുഗാനുമാണ്. റോമാ, ബൈസന്റിയൻ, ഇസ്‌ലാമിക പാരമ്പര്യങ്ങളുടെ തിരുശേഷിപ്പുകൾ ഭദ്രമായി കാത്തുസൂക്ഷിക്കുന്ന ഇസ്തംബൂൾ നഗരിയിലേക്ക് ഇപ്പോൾ അറബ്-മുസ്‌ലിം രാജ്യങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകളുടെ എണ്ണം ഗണ്യമായി വർധിച്ചിരിക്കുന്നു. 'ഫ്രീഡം ഫ്ളോട്ടില'യുടെ അനുരണനമെന്നോണം, തുർക്കിയെ സാമ്പത്തികമായി ശക്തിപ്പെടുത്താൻ ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് പ്രമുഖരായ ചില ഇസ്‌ലാമിക പണ്ഡിതന്മാർ മുസ്‌ലിം ലോകത്തോട് ആഹ്വാനം ചെയ്തത്.

തുർക്കിയുടെ ഇസ്‌ലാമികമായ ഈടുവെപ്പുകളുടെ മേൽ അടിച്ചേൽപിക്കപ്പെട്ട പടിഞ്ഞാറൻ സെക്യുലർ സംസ്‌കൃതിയുടെ ജീവിക്കുന്ന പ്രതീകമാണ് ഇസ്തംബൂൾ എന്ന സ്വപ്ന നഗരി. പ്രസിദ്ധമാണ് ഇസ്തംബൂളിന്റെ അപരാഹ്നങ്ങളും സായന്തനങ്ങളും. പോക്കുവെയിൽ നൃത്തം ചെയ്യുന്ന ബോസ്ഫറസിന്റെ കൊച്ചോളങ്ങളിലേക്ക് തലനീട്ടി നിരന്നുനിൽക്കുന്ന അനേകം ലക്ഷ്വറി റിസോർട്ടുകളിൽ മയങ്ങുന്ന വരേണ്യവർഗവും, ഇസ്തിഖ്‌ലാൽ സ്ട്രീറ്റിൽ വേശ്യകൾക്ക് പരസ്യമായി വില പറയുന്ന അറബ് ഏജന്റുമാരും, ഈ നഗരി ഓരോ തരി മണ്ണിലും കാത്തുസൂക്ഷിക്കുന്ന ഇസ്‌ലാമിക പൈതൃകത്തിന്റെ നേരെ എതിർദിശയിൽ നിൽക്കുന്നു. മുസ്‌ലിം ലോകത്ത് പല ആധുനിക നഗരികളും അനുഭവിക്കുന്ന സ്വത്വപ്രതിസന്ധിയുണ്ടല്ലോ– ഐഡന്റിറ്റി ക്രൈസിസ്– അത് ഏറ്റവും തീവ്രമായി പ്രതിഫലിക്കുന്നത് ഒരുപക്ഷേ, ഇസ്തംബൂളിലായിരിക്കും. ഇസ്‌ലാമിക ശിൽപകലയുടെ അപൂർവ മാതൃകകളായി പരിലസിക്കുന്ന അനേകം പള്ളികൾ, ആരാധനകൾ പേരിന് മാത്രം നിർവഹിക്കപ്പെടുന്ന വെറും ടൂറിസ്റ്റ് കേന്ദ്രങ്ങളായി പരിണമിക്കുന്ന അവസ്ഥ ഒന്നാലോചിച്ചു നോക്കൂ.

ഇസ്തംബൂളിന്റെ ഏഷ്യൻ കരയും യൂറോപ്യൻ കരയും തമ്മിലുള്ള സാംസ്‌കാരികവും നാഗരികവുമായ അന്തരം, ഇസ്‌ലാമികത്തനിമ തുടിച്ചുനിൽക്കുന്ന തുർക്കിയിലെ ഗ്രാമങ്ങളും ആധുനികവത്കൃതമായ നഗരികളും തമ്മിലുള്ള അന്തരം തന്നെയാണ്. ഇസ്‌ലാമിനെ നെഞ്ചിലേറ്റുന്ന സാധാരണ ജനതയും, പാശ്ചാത്യ സെക്യുലർ സംസ്‌കൃതിയുടെ പിണിയാളുകളായ അധികാരിവർഗവും തമ്മിലുള്ള സംഘർഷം തുർക്കിക്ക് സ്വാതന്ത്ര്യത്തോടൊപ്പം സമ്മാനമായി കിട്ടിയതാണ്. പതിറ്റാണ്ടുകളായി തുടരുന്ന ഈ സംഘർഷത്തിന് പുതിയ അർഥവും മാനവും നൽകുകയാണ് 'ഇസ്‌ലാമിസ്റ്റ്' എന്ന ചീത്തപ്പേര് കേട്ടുകൊണ്ടിരിക്കുന്ന പ്രധാനമന്ത്രി ഉർദുഗാൻ.

ഇസ്തംബൂൾ പോലെതന്നെ, 'ഫ്രീഡം ഫ്‌ളോട്ടില'യും ഒരു പ്രതീകമാണ്. ഗസ്സയുടെ കണ്ണീരിനും ഇസ്രയേലിന്റെ മുഷ്‌കിനും തുർക്കിയുടെ ഉയിർത്തെഴുന്നേൽപിനും അപ്പുറം മാനങ്ങളുള്ള ഒരു സംഭവം. മുപ്പത്തിരണ്ട് രാജ്യങ്ങളിൽനിന്നുള്ള മനുഷ്യാവകാശ പ്രവർത്തകരുമായി ഗസ്സയുടെ മേലുള്ള ഇസ്രയേലിന്റെ ഉപരോധത്തെ വെല്ലുവിളിക്കാൻ പുറപ്പെട്ട ദുരിതാശ്വാസ കപ്പലുകൾക്ക് തുർക്കി നായകത്വം വഹിച്ചത് ഒരു വഴിത്തിരിവിനെ കുറിക്കുന്നു. സംഭവത്തിന് ശേഷമുള്ള ഉർദുഗാന്റെ നിലപാടുകൾ തുർക്കി അറബ്–മുസ്‌ലിം പക്ഷത്തേക്ക് ചായുന്നുവെന്ന ആശങ്ക നിറഞ്ഞ മുന്നറിയിപ്പുകളായി പടിഞ്ഞാറൻ ലോകത്ത് അനുരണനങ്ങൾ സൃഷ്ടിക്കുന്നു. ഇസ്രയേലും അമേരിക്കയും തങ്ങളുടെ മിഡിലീസ്റ്റ് താൽപര്യങ്ങളുടെ വിശ്വസ്തനായ കാവൽക്കാരനായി കരുതിപ്പോന്ന തുർക്കിയുടെ ചുവടുമാറ്റം പടിഞ്ഞാറിനെ അലോസരപ്പെടുത്തുന്നതിൽ അത്ഭുതമില്ല.

ഡാവോസിൽ വെച്ച് ഉർദുഗാൻ ഷിമോൺ പെരസിനെ പരസ്യമായി തൊലിയുരിച്ചത് മുതൽ തുടങ്ങിയതാണ് തുർക്കിയോട് ഇസ്രയേലിനുള്ള പക. ഫ്രീഡം ഫ്‌ളോട്ടിലക്കെതിരായ രക്തരൂഷിതമായ ആക്രമണത്തിൽ പ്രതിഫലിച്ചത് ഈ പ്രതികാര മനസ്സാണ്. പക്ഷേ രാഷ്ട്രമായി ജയിച്ചുനിൽക്കുന്നത് ഇസ്രയേലല്ല, തുർക്കിയും ഉർദുഗാനുമാണ്. സ്വന്തം നാട്ടിലെയെന്നല്ല, ഫലസ്തീനികളുമായി ആത്മബന്ധം പുലർത്തുന്ന ലോകത്തിലെ മുഴുവൻ മുസ്‌ലിംകളുടെ മനസ്സിലും ഒരു സ്ഥാനം നേടിയെടുത്തതോടൊപ്പം ഇസ്രയേലുമായി ഉറ്റ ബാന്ധവം പുലർത്തുന്ന തുർക്കിയിലെ സെക്യുലർ, മിലിറ്ററി ജൂണ്ടയെ പ്രതിസന്ധിയിലാക്കാനും ഉർദുഗാനിലെ നയതന്ത്രജ്ഞന് സാധിച്ചിരിക്കുന്നു.

ഫലസ്തീനികളുടെ ദുഃഖം, അറബികളുടെ പതിവ് പരിദേവനങ്ങൾക്കപ്പുറം ഒരു അന്താരാഷ്ട്ര മനുഷ്യാവകാശ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു എന്നതാണ് ഫ്രീഡം ഫ്‌ളോട്ടിലയുടെ ഏറ്റവും ശുഭകരമായ ബാക്കിപത്രം. ഗസ്സയെ ബോംബിട്ട് തകർത്തതിനു ശേഷവും ഹമാസിന്റെ കൈയിൽ ബാക്കിയായേക്കാവുന്ന ഏതാനും ഏറു പടക്കങ്ങളിൽനിന്ന് ഇസ്രയേലികളെ രക്ഷിക്കാനെന്ന വ്യാജേന, ഒന്നര മില്യൻ വരുന്ന ഒരു ജനതയെ നാലു വർഷമായി പട്ടിണിക്കിടുന്നതിന്റെ ന്യായം മനസ്സാക്ഷിയുള്ള ജൂതന്മാർക്ക് പോലും പിടികിട്ടാതായിരിക്കുന്നു. ഇസ്രയേലിനെ വിമർശിക്കുന്നത് പാപമായി കരുതപ്പെട്ടുപോന്ന പല പടിഞ്ഞാറൻ നഗരങ്ങളിലും ഫലസ്തീനികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രകടനങ്ങൾ അരങ്ങേറുന്നു. അന്തർദേശീയ സമ്മർദങ്ങൾക്ക് വഴങ്ങി ശീലമില്ലാത്ത സയണിസ്റ്റ് രാഷ്ട്രം, ഗസ്സയുടെ മേലുള്ള ഉപരോധത്തിന് ഇത്തിരിയെങ്കിലും അയവ് വരുത്താൻ തയാറായത്, അലയടിച്ചുയർന്ന പ്രതിഷേധ ശബ്ദങ്ങളെ നിർവീര്യമാക്കാനും നഷ്ടപ്പെട്ട ഇമേജ് വീണ്ടെടുക്കാനുമാണെന്ന് കരുതാനേ ന്യായമുള്ളൂ.

കാലിന്നടിയിലെ മണ്ണ് ചോർന്നുപോവുകയാണെന്ന് അറബ് നേതാക്കളും തിരിച്ചറിയുന്നുണ്ട്.

അല്ലെങ്കിൽ പിന്നെ, അറബ് ലീഗ് സെക്രട്ടറി ജനറലിന് ഗസ്സ സന്ദർശിക്കാൻ തുർക്കിയിൽനിന്ന് ഒരു കപ്പൽ പുറപ്പെടുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടായിരുന്നില്ലല്ലോ. ഗസ്സാ നിവാസികൾക്കായി റഫാ അതിർത്തി തുറന്നു കൊടുക്കാൻ ഈജിപ്ത് നിർബന്ധിതരായി. സമാധാന ചർച്ചകൾക്ക് ഇനിയൊരു പുനർജന്മം ഉണ്ടാവുമോ എന്ന് കാത്തിരുന്നു കാണണം. ദുരന്തത്തിന്റെ വേദനയും പ്രത്യാശയുടെ ചെറിയ കിരണങ്ങളും ഒട്ടേറെ ചോദ്യചിഹ്നങ്ങളും അവശേഷിപ്പിച്ചുകൊണ്ടാണ്, ഒമ്പത് രക്തസാക്ഷികളുമായി തുർക്കിയുടെ കപ്പൽ വീണ്ടും ബോസ്ഫറസിന്റെ തീരത്ത് നങ്കൂരമിട്ടത്. മർദിതർക്ക് വേണ്ടി ഫ്ളോട്ടിലകൾ ഇനിയും ഉപരോധകർ ഭഞ്ജിക്കാനെത്തുന്ന നാളുകൾക്കായി നമുക്ക് കാത്തിരിക്കാം. ■